# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3161** — **20.06.2014-ൽ മറുപടിക്ക്**

## നീര ഉല്പാദനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് നീര ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എതൊക്കെ ഏജൻസികളെയാണ് ഇതിന്റെ ഉല്പാദന ചുമതല ഏൽപ്പിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | എ) | കേരള കാർഷിക സർവ്വകലാശാലയിൽ നീലേശ്വരത്ത് ഗവേഷണ അടിസ്ഥാനത്തിൽ നീരയുടെ ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലായി 16 യൂണിറ്റുകൾക്ക് നീര ഉല്പാദനത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്. നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള നാളികേര ഉല്പാദക ഫെഡറേഷനുകൾക്കാണ് നിലവിൽ ലൈസൻസ് നൽകിയിട്ടുള്ളത്. നാളികേര വികസന കോർപ്പറേഷന്റെ അംഗീകാരമുള്ള സംഘങ്ങൾക്കും ലൈസൻസ് നൽകുന്നുണ്ട്. |
| ബി) നീര ഉല്പന്നങ്ങളുടെ വിപണന ചുമതല ഏത് വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | ബി) | സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പു വരുത്തിയാണ് നാളികേര-നീര ബോർഡ് രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്. കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി, 13/05/2014-ലെ സ.ഉ.(എം.എസ്) 66/2014/നി.വ. പ്രകാരമാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |
| സി) പാലക്കാട് ജില്ലയിൽ നീര ഉല്പന്നങ്ങളുടെ വിപണന ചുമതല ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത് വിശദാംശം നൽകുമോ ? | സി) | പാലക്കാട് ജില്ലയിൽ മുതലമട ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റിക്ക് നീര ഉല്പാദനത്തിന് ലൈസൻസ് നല്കിയിട്ടുണ്ട്. നീരയുടെ വിപണനത്തിന് ലൈസൻസ് നാളിതുവരെ നൽകിയിട്ടില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**